**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580** **09-06-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം നിയോജക മണ്ഡലത്തിലെ വനം കാവൽക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. A. K. Saseendran<br>(വനം, വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലോട്, കുളത്തൂപ്പുഴ ഡിവിഷനുകളിൽ വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര വനം കാവൽക്കാർ ജോലി ചെയ്യുന്നുവെന്ന് അറിയിക്കാമോ; | (എ) | പാലോട് റെയ്ഞ്ചിൽ 50-ഉം, കുളത്തൂപ്പുഴ റെയ്ഞ്ചിൽ 32-ഉം വനം കാവൽക്കാർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | അതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; | (ബി) | പാലോട് റെയ്ഞ്ചിൽ 8 സ്ഥിരം ജീവനക്കാരും, 42 താൽക്കാലിക ജീവനക്കാരും, കുളത്തൂപ്പുഴ റെയ്ഞ്ചിൽ 22 സ്ഥിരം ജീവനക്കാരും, 10 താൽക്കാലിക ജീവനക്കാരും ഉണ്ട്. |
| (സി) | സ്ഥിര ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും വേതനം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ; | (സി) | സ്ഥിരം ജീവനക്കാർക്ക് അതാത് തസ്തികയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്കെയിലുകളിലുള്ള ശമ്പളവും, താൽക്കാലിക ജീവനക്കാർക്ക് ഹാജരായിട്ടുള്ള ദിവസങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസ വേതനമായ 659/- രൂപ + വി.ഡി.എ. യും നൽകി വരുന്നു. |
| (ഡി) | പ്രസ്തുത ജീവനക്കാർക്ക് ഏതു മാസം വരെ ശമ്പളം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | സ്ഥിരം ജീവനക്കാർക്ക് മെയ് മാസം വരെയുള്ള ശമ്പളവും, താൽക്കാലിക ജീവനക്കാർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഫെബ്രുവരി, മാർച്ച് മാസം വരെയുള്ള വേതനവും നൽകിയിട്ടുള്ളതാണ്. |
| (ഇ) | പ്രസ്തുത ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് എന്താണ് തടസ്സം എന്നറിയിക്കാമോ; | (ഇ) | താൽക്കാലിക ജീവനക്കാരെ നിയോഗിക്കുന്നത് പദ്ധതി ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ ഭാഗമായാണ്. ആയതിനാൽ തന്നെ പദ്ധതി വിഹിതം ലഭിക്കുന്ന മുറയ്ക്കാണ് താൽക്കാലിക ജീവനക്കാരുടെ വേതനം നൽകി വരുന്നത്. ഈ സാമ്പത്തിക വർഷം (ഏപ്രിൽ 2021), മൊത്തം പദ്ധതി വിഹിതത്തിന്റെ 33% മാത്രമാണ് വോട്ട് ഓൺ അക്കൗണ്ടായി ലഭിച്ചത്. ടി ലഭ്യമായ തുക വനം വകുപ്പിന്റെ വിവിധ ആഫീസുകളിലായി വിതരണം ചെയ്തിട്ടു ള്ളതാണ്. ഏപ്രിൽ-മേയ് മാസങ്ങളിൽ പല ദിവസങ്ങളിലായി ട്രഷറിയുടെ സെർവ്വർ മാറ്റിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഫണ്ട് ട്രാൻസ്ഫർ |

| | | | |
|---|---|---|---|
| | | | നടത്തുന്ന ബാംസ് (BAMS) സംവിധാനവും, ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള ബിംസ് (BIMS) സംവിധാനവും പ്രവർത്തന രഹിതമായതും ശമ്പളം നൽകുന്നതിന് കാലതാമസത്തിനു കാരണമായിട്ടുണ്ട് . |
| (എഫ്) | എല്ലാ ജീവനക്കാർക്കും കുടിശ്ശിക വരാതെ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | മതിയായ ഫണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭിക്കുന്ന മുറയ്ക്ക് വേതനം കുടിശ്ശിക വരാതെ നൽകാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ